# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 972 | 07/02/2013 – ൽ മറുപടിക്ക്

### ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. എ. വാഹീദ്<br>,, സണ്ണി ജോസഫ്<br>,, എ. റ്റി. ജോർജ്<br>,, ഹൈബി ഈഡൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |
| (എ) ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലുള്ള ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ; | (എ). ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലുള്ള താഴെപറയുന്ന ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>(എ) I. <u>ഉദ്യോഗമണ്ഡൽ ആശുപത്രി.</u><br>പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു. ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്<br>II.<u>പാരിപ്പള്ളി</u><br>മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുവാൻ ആവശ്യമായ എല്ലാ ഉപകരണങ്ങളും മരുന്നുകളും ഇവിടെ ലഭ്യമാണ്. ഈ ആശുപത്രി എല്ലാ സൗകര്യങ്ങളുമുള്ള ഒരു മെഡിക്കൽ കോളേജായി ഉടനെ പ്രവർത്തനം ആരംഭിക്കുന്നതാണ്.<br>III.<u>ആശ്രാമം മാതൃകാ ആശുപത്രി</u><br>സൂപ്പർസ്പെഷ്യാലിറ്റി ചികിത്സകൾക്കായി സ്പെഷ്യലിസ്റ്റുകളെ റിക്രൂട്ട് ചെയ്യുന്നതിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

IV. <u>എഴുകോൺ ആശുപത്രി</u>

1.സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റിൽ OPD,IPD എന്നിവ ആരംഭിച്ചിട്ടുണ്ട്.

2. കാർഡിയോളജി ഒ.പി. ആരംഭിച്ചിട്ടുണ്ട്.

3.ആയുർവേദ ഒ.പി. പ്രവർത്തിക്കുന്നുണ്ട്.

4.എല്ലാ റേഡിയോളജിക്കൽ ഇൻവെസ്റ്റിഗേഷനുകളും നടത്തപ്പെടുന്നു.

റ്റി.എം.റ്റി. ഉടനെ തന്നെ ആരംഭിക്കുന്നതാണ്.

(ബി) എല്ലാ ആശുപത്രികളിലും ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി). ആശുപത്രികളിൽ നിന്ന് നൽകിയിട്ടുള്ള ഇൻഡന്റ് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള എല്ലാ മരുന്നുകളും ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) നടപ്പ് വർഷത്തേക്ക് ആവശ്യമുള്ള മരുന്നുകൾ എല്ലാ മെഡിക്കൽ സ്റ്റോറുകളിലും എത്തിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി). നടപ്പ വർഷത്തേക്ക് ആവശ്യമുള്ള മരുന്നുകൾ എല്ലാം സെൻട്രൽ മെഡിക്കൽ സ്റ്റോറിലും രണ്ട് സബ് സ്റ്റോറുകളിലും എത്തിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ആവശ്യമനുസരിച്ച് വിതരണം നടത്തിവരുന്നു.

(ഡി) എല്ലാ ഫാക്ടറികളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

(ഡി). പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ